**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4152** | **20/03/2018-ൽ മറുപടിയ്ക്ക്** |

**ലൈഫ് പദ്ധതി പ്രകാരമുള്ള വീടുകൾ**

| ചോദ്യം<br>ശ്രീ.റോഷി അഗസ്റ്റിൻ<br>,, പി.ജെ.ജോസഫ്<br>,, മോൻസ് ജോസഫ്<br>ഡോ.എൻ. ജയരാജ് | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ലൈഫ് പദ്ധതിയിൽ 2018-19 സാമ്പത്തിക വർഷം പുതിയ വീടുകൾ നൽകേണ്ടതില്ലായെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകമോ; | (എ) | ഇല്ല. ലൈഫ് മിഷൻ പദ്ധതി രണ്ടാംഘട്ടത്തിൽ (2018-19) ഭൂമിയുള്ള 1.75 ലക്ഷം ഭവനരഹിതർക്ക ഭവനം നൽകുന്നതിനും 3.37 ലക്ഷം ഭൂരഹിത ഭവനരഹിതരായ ഗുണഭോക്താക്കൾക്ക് ഭവന സമുച്ചയങ്ങൾ നിർമിച്ചു നൽകുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | മറ്റ് പദ്ധതികളിൽ വീട് നിർമ്മിച്ച് പണി പൂർത്തിയാക്കാത്ത ആളുകളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി അവരുടെ വീടുകൾ പൂർത്തീകരിക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | 2016 മാർച്ച് 31 ന് മുൻപ് കരാറിൽ ഏർപ്പെട്ടുകയോ ഒരു ഗഡു തുക കൈപ്പറ്റുകയോ ചെയ്യുകയും എന്നാൽ 2017 നവംബർ 1 ന് മുമ്പ് പൂർത്തീകരണം നടത്താൻ സാധിക്കാത്തതുമായ ഗുണഭോക്താക്കളുടെ വീടുകൾ 2018 മാർച്ച് 31 ന് മുമ്പ് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ലക്ഷം വീട് പദ്ധതിയിൽ മുൻകാലത്ത് നിർമ്മിച്ച ഇരട്ട വീടുകൾ ഒറ്റ വീടുകളായി നിർമ്മിക്കുന്നതിന് ലൈഫ് പദ്ധതി പ്രകാരം സഹായം നൽകമോ; ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (സി) | M.N ലക്ഷം വീട് പദ്ധതിയിൽ ഉൾപ്പെട്ട വീടുകളുടെ പുനർനിർമ്മാണവും ഇരട്ട വീടുകൾ ഒറ്റ വീടാക്കുന്നതും അറ്റകുറ്റ പണികൾ നടത്തുന്നതും ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്ന വിഷയം പിന്നീട് തീരുമാനിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | ലൈഫ് പദ്ധതിയിൽ ലഭിച്ച വീട് മക്കളുടെ പേരിൽ നൽകിയതിനുശേഷം വീണ്ടും വീടിനുവേണ്ടി അപേക്ഷിച്ച് പദ്ധതിയിൽ ഉൾപ്പെടുന്നു എന്ന ആക്ഷേപവും റേഷൻ കാർഡ് ഇല്ല എന്ന കാരണത്താൽ അർഹരായവർ പുറത്തുനിൽക്കുന്നു എന്ന ആക്ഷേപവും സർക്കാർ പരിശോധിക്കുമോ? | (ഡി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ